സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,

നം: സി.ജി(1) 22355/2009 തീയതി : 21-5-2009

## സർക്കുലർ നം: 21/2009

വിഷയം:- സഹകരണ വകുപ്പ് - പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിൻെറ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണസംഘങ്ങൾ എന്നിവയിൽ നിന്നും വിതരണം ചെയ്യുന്ന വിവിധയിനം വായ്പകളുടെ പരിധി വർദ്ധിപ്പിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. സഹകരണസംഘം രജിസ്ട്രാറുടെ 2-4-2002 തീയതിയിലെ 11/2002-ാം നമ്പർ സർക്കുലർ.
2. സഹകരണസംഘം രജിസ്ട്രാറുടെ 3-8-2004 തീയതിയിലെ 30/2004-ാം നമ്പർ സർക്കുലർ.
3. പ്രാഥമിക വായ്പാ സംഘങ്ങളിലെ വായ്പാ പരിധി ഉയർത്തുന്നത് സംബന്ധിച്ച് ശുപാർശകൾ സമർപ്പിയ്ക്കുന്നതിന് സെൻട്രൽ ബാങ്ക് കോൺഫറൻസ് രൂപീകരിച്ച കമ്മറ്റിയുടെ 22-12-2008-ലെ യോഗ തീരുമാനം.
4. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11-5-2009-നു കൂടിയ ഉന്നതതല യോഗ തീരുമാനം.

* * *

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിൻെറ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണസംഘങ്ങൾ എന്നിവയിൽ നിന്നും അംഗങ്ങൾക്ക് നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും നിശ്ചയിച്ചുകൊണ്ട് സൂചന 2 പ്രകാരവും അംഗങ്ങൾക്ക് നൽകുന്ന വായ്പകൾക്ക് ഈടാക്കാവുന്ന ഓഹരി അനുപാതം നിശ്ചയിച്ചുകൊണ്ട് സൂചന 1 പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെട്ടിരുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും വർദ്ധിപ്പിയ്ക്കേണ്ട ആവശ്യം 6-6-2008-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് ചർച്ച ചെയ്യുകയും, വായ്പാ പരിധി

പുതുക്കി നിശ്ചയിക്കുന്നതിനു വേണ്ടി ശുപാർശകൾ സമർപ്പിയ്ക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡൻറ് ചെയർമാനായി അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്) കൺവീനറുമായി ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മറ്റി സൂചന 3 പ്രകാരം ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ശുപാർശ സൂചന 3 പ്രകാരം കൂടിയ യോഗം വിശദമായി ചർച്ച ചെയ്യുകയും അതിൻെറ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിൻെറ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണസംഘങ്ങൾ എന്നിവയിൽ നിന്നും അവയുടെ അംഗങ്ങൾക്ക് നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധിയും, ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിൻെറ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണസംഘങ്ങൾ എന്നിവയിൽ നിന്നും അവയുടെ അംഗങ്ങൾക്ക് നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധിയും, ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും ചുവടെ പറയുംപ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

| ക്രമ നം | വായ്പാ പരിധി | പരമാവധി പരിധി (തുക ലക്ഷത്തിൽ) | | കാലാവധി |
|---|---|---|---|---|
| | | *നിലവിലുള്ളത്* | *പുതുക്കിയത്* | |
| I | ***കാർഷിക/കാർഷികാനുബന്ധാവശ്യങ്ങൾക്കുള്ള വായ്പ*** | | | |
| 1 | ഹ്രസ്വകാല കാർഷിക വായ്പകൾ | 2.00 | 3.00 | 1 വർഷം |
| 2 | മദ്ധ്യകാല കാർഷിക വായ്പകൾ | 2.00 | 3.00 | 3 വർഷം മുതൽ 5 വർഷം വരെ |
| II | ***കാർഷികേതര വായ്പ*** | | | |
| 1 | സ്വയംതൊഴിൽ വായ്പ | 5.00 | 5.00 | 5 വർഷം |
| 2 | വ്യവസായ വായ്പ | 10.00 | 10.00 | 5 വർഷം |

| | | | | |
|---|---|---|---|---|
| 3 | ഭൂസ്വത്ത് വാങ്ങുന്നതിന് | 5.00 | 5.00 | 5 വർഷം |
| 4 | സ്വർണ്ണപ്പണയം | 3.00 | 5.00 | 1 വർഷം |
| 5 | കുട്ടികളുടെ വിദ്യാഭ്യാസ വായ്പ | 0.25 | 0.25 | 2 വർഷം |
| 6 | പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ | 5.00 | 5.00 | 5 വർഷം |
| 7 | വിവാഹ വായ്പ | 2.00 | 3.00 | 3 വർഷം |
| 8 | വീട് മെയിൻറനൻസ് | 2.00 | 3.00 | 5 വർഷം |
| 9 | ചികിത്സ/മരണാനന്തര ചിലവുകൾ | 1.00 | 1.50 | 3 വർഷം |
| 10 | ഭവന നിർമ്മാണം | 5.00 | 10.00 | 5/10 വർഷം (ബൈലായ്ക്കും, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഇളവുകൾക്കും വിധേയം) |
| 11 | വീട്ടുപകരണങ്ങൾ വാങ്ങുന്നതിന് | 1.00 | 2.00 | 5 വർഷം |
| 12 | വിദേശത്ത് ജോലി തേടി പോകുന്നതിന് | 2.00 | 5.00 | 3 വർഷം |
| 13 | വാഹന വായ്പ | 10.00 | 10.00 | 5 വർഷം |
| 14 | കാഷ് ക്രെഡിറ്റ്/ ഓവർഡ്രാഫ്റ്റ് | 2.00 | 10.00 | 1 വർഷം |
| 15 | ബിസിനസ് വായ്പ | ബൈലായ്ക്ക് വിധേയം | 5.00 | 3 വർഷം |
| 16 | കുടുംബശ്രീ/ SHG വായ്പ (അക്കൗണ്ട് ഉള്ള സംഘങ്ങൾക്കു മാത്രം) | ബൈലായ്ക്ക് വിധേയം | 3.00 | 5 വർഷം |
| 17 | ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് | 5.00 | 5.00 | 5 വർഷം |
| 18 | സാധാരണ വായ്പ(മോർട്ട്ഗേജ്) | 5.00 | 5.00 | 5 വർഷം |
| 19 | പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ 3 സെൻറ് വരെ ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിന് | - | 0.50 | 5 വർഷം |
| 20 | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് | 5.00 | 5.00 | 5 വർഷം |
| 21 | ഇതര സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് | - | 10.00 | 5 വർഷം |

| III. | ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി (തുക ലക്ഷത്തിൽ) | | |
|---|---|---|---|
| | | നിലവിൽ | പുതുക്കിയത് |
| 1 | 1 കോടി രൂപ വരെ നിക്ഷേപമുള്ള സംഘങ്ങൾക്ക് | 2.00 | 3.00 |
| 2 | 1 കോടി രൂപയ്ക്ക് മുകളിൽ 3 കോടി രൂപ വരെ | 3.00 | 4.00 |
| 3 | 3 കോടി രൂപയ്ക്ക് മുകളിൽ 5 കോടി രൂപ വരെ | 4.00 | 5.00 |
| 4 | 5 കോടി രൂപയ്ക്ക് മുകളിൽ 10 കോടി രൂപ വരെ | 5.00 | 7.00 |
| 5 | 10 കോടി രൂപയ്ക്ക് മുകളിൽ 25 കോടി രൂപ വരെ | 10.00 | 10.00 |
| 6 | 25 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള സംഘങ്ങൾക്ക് | - | 20.00 |

കേന്ദ്ര/സംസ്ഥാനാവിഷ്ക്കൃത പദ്ധതി വായ്പകൾക്ക് അതാതു പദ്ധതികൾക്ക് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ബാധകമായിരിയ്ക്കുന്നതാണ്. സൂചന 1-ലെ സർക്കുലർ മുഖേന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള ഓഹരി അനുപാതം തുടർന്നും നിലനിൽക്കുന്നതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള വായ്പാ പരിധിയിൽ അധികരിച്ച് വായ്പകൾ വിതരണം ചെയ്യേണ്ട സംഘങ്ങൾ/ബാങ്കുകൾ സഹകരണസംഘം രജിസ്ട്രാറുടെ പ്രത്യേക അനുമതി വാങ്ങി മാത്രമേ പ്രസ്തുത പരിധിയിൽ കവിഞ്ഞ വായ്പകൾ വിതരണം ചെയ്യാൻ പാടുള്ളൂ. മേൽ സൂചിപ്പിച്ചിട്ടുള്ള വായ്പാ പദ്ധതികൾ അല്ലാതെ അനുയോജ്യമായ മറ്റേതെങ്കിലും വായ്പാ പദ്ധതികൾ സംഘങ്ങൾ/ബാങ്കുകൾ ആവിഷ്ക്കരിക്കുകയാണെങ്കിൽ അതിനുള്ള അനുമതിയും വാങ്ങിയിരിക്കേണ്ടതാണ്. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ്

റഗുലേഷൻ ആക്ടിൻെറ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണസംഘങ്ങൾ മേൽ സൂചിപ്പിച്ചിട്ടുള്ള വായ്പാ പദ്ധതികളും, വായ്പാ പരിധിയും അനുസരിച്ച് അതാതു സംഘങ്ങൾ/ബാങ്കുകളുടെ ബൈലായിൽ, വായ്പാ പരിധി, ഐ.എം.ബി.പി(**IMBP**) വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-
റാണി ജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. എല്ലാ ജില്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
2. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ /ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർ മുഖേന)
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹ. കാർഷിക ഗ്രാമ വികസന ബാങ്ക്
5. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
6. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ,
7. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം
9. എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ തലവൻമാർക്കും
11. അഡീഷണൽ രജിസ്ട്രാർ(ആഡിറ്റ്), സഹ.സംഘം രജിസ്ട്രാർ ആഫീസ്.
12. അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്) മേശപ്പുറത്ത്
13. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
14. സ്റ്റോക്ക് ഫയൽ / സ്പെയർ

// ആജ്ഞാനുസരണം //

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)